**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5275** **12-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ സംസ്കരണ മേഖലയിൽ കേരള ബ്രാൻഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രാധാന്യം കണക്കാക്കി പ്രസ്തുത മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | ഭക്ഷ്യ സംസ്ക്കരണ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തു വിവിധ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്നുണ്ട്. 1. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കി വരുന്നു. 2. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യസംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute of Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. 3. ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രാധാന്യം കണക്കാക്കിവ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന സംരംഭക സഹായപദ്ധതിയിൽ (ESS) ഭക്ഷ്യ സംസ്കരണ മേഖലയിലുള്ള സംരംഭങ്ങൾക്ക് 10% അധിക സബ്സിഡി നൽകി വരുന്നുണ്ട്. വ്യവസായ വകുപ്പ് ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിശകലനം ചെയ്യുന്ന ദ്വിദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രാധാന്യം കണക്കാക്കി കിൻഫ്ര നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കിൻഫ്ര സ്ഥാപിച്ചിട്ടുള്ള പദ്ധതികൾ ഭക്ഷ്യ സംസ്കരണ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം |

| | | | |
|---|---|---|---|
| | | | കാർഷിക ഭക്ഷ്യ സംസ്കരണത്തിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കാക്കഞ്ചേരി, മലപ്പുറം ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ ഭക്ഷ്യ സംസ്കരണ മേഖല, കിൻഫ്ര വ്യവസായ പാർക്ക്, മഴവന്നൂർ സീഫുഡ് പാർക്ക്, അരൂർ, ആലപ്പുഴ-കിൻഫ്രയും എം.പി.ഇ.ഡി.എ-യും സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷനുമായി ചേർന്നുള്ള സംയുക്ത സംരംഭം. നിലവിൽ നടപ്പിലാക്കിയ പദ്ധതി മെഗാഫുഡ് പാർക്ക്, പാലക്കാട് പുതിയ പദ്ധതികൾ സ്പൈസസ് പാർക്ക്, മുട്ടം, തൊട്ടുപുഴ, ഇടുക്കി റൈസ് ടെക്നോളജി പാർക്ക്, പാലക്കാട് & ആലപ്പുഴ ഭക്ഷ്യ സംസ്കരണ മേഖലയുടെ വികസനത്തിനായി ചേർത്തല താലൂക്കിൽ പള്ളിപ്പുറത്ത് കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ മെഗാ ഫുഡ് പാർക്ക്, മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസിങ് ഇൻഡസ്ട്രീസിന്റെ സഹായത്തോടെ നടപ്പാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഉല്പന്ന വിതരണ ശൃംഖല മെച്ചപ്പെടുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഉല്പന്ന വിതരണത്തിനായി ജില്ലാ തലത്തിൽ MSME എക്സിബിഷനുകൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. കൂടാതെ ഭക്ഷ്യ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ്പ്രൊ എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്. സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക വെബ്പോർട്ടൽ നിലവിലുണ്ട്. ഇത് കൂടാതെ വാണിജ്യ മേഖലയുടെ പ്രശ്ന പരിഹാരത്തിനായി commerce mission നിലവിലുണ്ട്. |
| (സി) | വ്യവസായ മേഖലയിൽ കേരള ബ്രാൻഡ് സൃഷ്ടിച്ച് ആയതുവഴി കേരള ബ്രാൻഡ് ഉല്പന്നങ്ങൾ എന്ന രീതിയിൽ യാഥാർത്ഥ്യമാക്കാനുള്ള തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് നിക്ഷേപകർക്ക് പരാമവധി പിന്തുണ നൽകുന്നതിനും വ്യവസായ മേഖലയ്ക്ക് ഒരു പുതിയ വളർച്ചാ ശ്രമം സൃഷ്ടിക്കുന്നതിനും നിക്ഷേപകരും കേരള സർക്കാരും തമ്മിലുള്ള ആശയവിനിമയ വിടവ് നികത്തുന്ന തിനുമുള്ള സമഗ്രമായ ശ്രമങ്ങൾ നടത്തി കേരള ബ്രാൻഡ് രാജ്യത്തിനുള്ളിലും ആഗോളതലത്തിലും പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് വാണിജ്യ മിഷൻ മുഖേന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ